മലയാള മനോരമ
2016 ജനുവരി 24 ഞായർ TVM

ട്രിവാൻഡ്രം മെമ്മറീസ്

തിരുവനന്തപുരത്തു സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹയർ സെക്കൻഡറി വിഭാഗം പെൺകുട്ടികളുടെ നാടോടിനൃത്തത്തിൽ ഒന്നാം സ്ഥാനം നേടിയ കാസർകോട് പിലിക്കോട് ജിഎച്ച്എസ്എസിലെ പി.പി. കൃഷ്ണേന്ദു, രണ്ടാം സ്ഥാനം പങ്കിട്ട തൃശൂർ ഇരിങ്ങാലക്കുട ഡോൺ ബോസ്കോ എച്ച്എസ്എസിലെ പവിത്ര സി മേനോൻ, തിരുവനന്തപുരം കാട്ടാക്കട പിആർ വില്ല്യംസ് എച്ച്എസ്എസിലെ എൽ.എസ്. രുക്മ, മൂന്നാം സ്ഥാനം നേടിയ എറണാകുളം തേവര സേക്രഡ് ഹാർട്ട് എച്ച്എസ്എസിലെ റൊവീന തെരേസ എന്നിവർ.

കലയിലും അൽപം 'ഉത്തേജകം'

ഭക്ഷണമില്ല; ഊർജ വർധക ഗുളിക കഴിച്ച് കുട്ടികൾ

തിരുവനന്തപുരം● ശാരീരികക്ഷമത വർധിപ്പിക്കാൻ, കലോൽസവ വേദിയിൽ ഭക്ഷണം ഒഴിവാക്കി മൽസരാർഥികളുടെ ഗുളിക പ്രയോഗം. വഴുതക്കാട് ഗവ. വനിത കോളജ് വേദിയിൽ ഇന്നലെ എച്ച്എസ് പരിചമുട്ടുകളിക്കിടെ, തന്റെ ടീമിനോട് ഊർജ വർധക ഗുളിക കഴിക്കാൻ നിർദേശിച്ചതു പരിശീലകനാണെന്നും മനോരമ കണ്ടെത്തി. തെക്കൻ കേരളത്തിലെ ഒരു ടീമാണു ഗുളിക കഴിച്ചു വേദിയിലെത്തിയത്. 15 വയസ്സിൽ താഴെയുള്ളവരാണു കുട്ടികളെല്ലാം. ഭക്ഷണംകഴിക്കാതെ ഇത്തരം ഗുളിക കഴിക്കുന്ന പ്രവണത കലോൽസവ വേദിയിൽ ഏറി വരുന്നുവെന്നാണു വിവരം. കായികാധ്വാനം വേണ്ട മൽസരങ്ങൾക്കുള്ളവരിൽ പലരും ഇത്തരം ഊർജ വർധക ഗുളികകളും പാനീയങ്ങളും മുതിർന്നവരുടെ അറിവോടെ തന്നെ കഴിക്കുന്നുണ്ട്.

രാവിലെ ഭക്ഷണം കഴിച്ചാൽ ഛർദിക്കുമെന്നും ഭക്ഷണത്തിനു പകരമാണു കുട്ടികൾ ഗുളിക കഴിക്കുന്നതെന്നുമായിരുന്നു ഇവരുടെ പരിശീലകന്റെ ന്യായം. അതേസമയം, ഇത്തരം ഗുളിക കഴിക്കുന്നത് ആത്മവിശ്വാസം വർധിപ്പിക്കുമെന്നതിനപ്പുറം കുട്ടികളെ മറ്റു തരത്തിൽ സഹായിക്കില്ലെന്നും തിരുവനന്തപുരം മെഡിക്കൽ കോളജിലെ മെഡിസിൻ വിഭാഗം പ്രഫ. ഡോ. ബി. പത്മകുമാർ 'മനോരമ'യോടു പറഞ്ഞു. മൽസരത്തിനിറങ്ങുന്നവർ ഛർദിഭയന്നു ഭക്ഷണം ഒഴിവാക്കുന്നതിനു ന്യായീകരണമില്ല.

ഭക്ഷണത്തിന്റെ തോത് കുറയ്ക്കുകയൊ പഴവർഗങ്ങൾ ഉപയോഗിക്കുകയൊ ചെയ്യുന്നതാണ് അഭികാമ്യമെന്നും അദ്ദേഹം പറഞ്ഞു. സ്കൂൾ കുട്ടികൾ ഇതു കഴിക്കുന്നതു പ്രോൽസാഹിപ്പിക്കാൻ കഴിയില്ലെന്നു സംസ്ഥാന ഡ്രഗ്സ് കൺട്രോളർ പി. ഹരിപ്രസാദ് പറഞ്ഞു.

വര: മിത്രൻ

ഈ എ ഗ്രേഡ് കേരളത്തിന്

എന്നെ അറിയില്ലെങ്കിലും അമ്മയെ കേരളമറിയും. സ്വന്തമെന്നു കരുതിയതെല്ലാം നഷ്ടപ്പെട്ട അമ്മയ്ക്ക് എല്ലാം തിരിച്ചു കൊടുത്തതു കേരളവും ഇവിടത്തെ സർക്കാരുകളുമാണല്ലോ? അമ്മ കേരളത്തിന്റെ ദത്തുപുത്രിയാകുമ്പോൾ ഞാൻ ചെറുമകളാണല്ലോ? ആ അമ്മയുടെ മകളെന്ന നിലയിൽ കേരളത്തിനായി എഴുതുന്ന ഈ വാക്കുകൾ എന്റെ ഹൃദയം നിറയ്ക്കുന്നു. പല സ്വപ്നങ്ങളും സാക്ഷാൽക്കരിച്ചാണു കലോൽസവ വേദിയിൽ നിന്നു ഞങ്ങൾ നാട്ടിലേക്കു മടങ്ങുന്നത്.

അമ്മ പറഞ്ഞുകേൾക്കാറുള്ള കലക്ടർ സാറിനെ നേരിൽ കണ്ട സന്തോഷമാണ് ഇതിൽ ഏറ്റവും വലുത്. അദ്ദേഹത്തിന്റെ കൈപിടിക്കുമ്പോൾ അമ്മയുടെ മാത്രമല്ല, എന്തിനെന്നറിയാതെ ഞങ്ങളുടെയും കണ്ണു നിറഞ്ഞു. പിന്നെ, കലോൽസവ വേദിയിലെ കയ്യടികൾ. സംസ്ഥാന വേദിയിൽ നിന്നു ലഭിച്ച എ ഗ്രേഡ് നൽകുന്ന ആത്മവിശ്വാസം. തിരുവനന്തപുരത്തു നിന്നു കൂടെ കൂട്ടുന്ന ഓർമകൾ മറ്റെന്തിനെക്കാളും വലുതാണ്. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ നിധിയായ അമ്മയെ എനിക്കു തന്ന കേരളത്തിനും ഇവിടത്തെ സർക്കാരിനുമുള്ളതാണ് എന്റെ എ ഗ്രേഡ്.

ഒത്തിരി സ്നേഹത്തോടെ
ശ്രീലക്ഷ്മി.

(ഓട്ടൻതുള്ളലിൽ കാസർകോട് ജില്ലയെ പ്രതിനിധീകരിച്ച ശ്രീലക്ഷ്മി എ ഗ്രേഡോടെയാണ് കലോൽസവത്തിൽ നിന്നു മടങ്ങുന്നത്. കാഞ്ഞങ്ങാട് ആർഡി ഓഫിസിലെ ശ്രീജയുടെ മകളാണ് കാഞ്ഞങ്ങാട് ദുർഗ സ്കൂളിലെ ഈ പത്താം ക്ലാസുകാരി. 1994ൽ, കാസർകോട് അണിഞ്ഞയിൽ വീടിന് മുകളിലേക്കു മരം വീണ് അച്ഛനും അമ്മയും രണ്ടു സഹോദരന്മാരും അനുജത്തിയും നഷ്ടപ്പെട്ട ശ്രീജയെ സർക്കാർ ദത്തെടുത്തിരുന്നു. തച്ചങ്ങാട് സ്കൂളിലെ അധ്യാപകൻ വിനോദുമായുള്ള വിവാഹം നടത്തിയതു ജില്ലാ ഭരണകൂടത്തിന്റെ കാർമികത്വത്തിലായിരുന്നു. സ്കൂളിലെ നല്ലപാഠം കോ-ഓർഡിനേറ്ററാണു വിനോദ്. മാതാപിതാക്കൾക്കും അനിയത്തി മഹാലക്ഷ്മിക്കുമൊപ്പമാണ് ശ്രീക്ഷ്മി എത്തിയത്. 1994ൽ കാസർകോട് കലക്ടറായിരുന്ന ഇപ്പോഴത്തെ അഡീ. ചീഫ് സെക്രട്ടറി പി. മാരപാണ്ഡ്യന്റെ ഇടപെടലുകൾ ശ്രീജയ്ക്ക് ഏറെ ആശ്വാസമായിരുന്നു. മക്കൾ പിറന്ന ശേഷം ശ്രീജ മാരപാണ്ഡ്യനെ കണ്ടുമുട്ടിയതും ഈ കലോൽസവത്തിനിടയിലായിരുന്നു)

ഹൈസ്കൂൾ വിഭാഗം ഓട്ടൻതുള്ളലിൽ എ ഗ്രേഡ് നേടിയ കാഞ്ഞങ്ങാട് ദുർഗ എച്ച്എസ്എസിലെ ടി. ശ്രീലക്ഷ്മിക്കൊപ്പം അച്ഛൻ സി.പി.വി. വിനോദ്കുമാർ, അമ്മ ടി. ശ്രീജ, സഹോദരി മീനാക്ഷി എന്നിവർ.

ചുവടിൽ ചരിത്രം: സ്കൂൾ കലോൽസവത്തിന്റെ ഭാഗമായി തിരുവനന്തപുരം ഗാന്ധി പാർക്കിൽ അരങ്ങേറിയ ആദിവാസി മേളയിൽ കാസർകോട് ബലന്തോട് ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾ മംഗലംകളി അവതരിപ്പിക്കുന്നു. സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ആദിവാസി കലാരൂപങ്ങൾ ആദ്യമായി പ്രദർശന ഇനമായി ഈ വർഷം അവതരിപ്പിക്കുകയായിരുന്നു.

നാടോടി നൃത്തത്തിൽ 'ജയിച്ചത്' അപ്പീൽ

തിരുവനന്തപുരം ● നാടോടി നൃത്തത്തിൽ ആദ്യമൂന്നു സ്ഥാനങ്ങളിലെത്തിയതും അപ്പീലുകാർ.

ഒന്നാംസ്ഥാനംമാമ്പഴംകവിത നൃത്തമായി അവതരിപ്പിച്ച പി.പി. കൃഷ്ണേന്ദുവിന് (ജിഎച്ച്എസ്എസ്, പീലിക്കോട്)

വീരപ്പന്റെ കൊലയ്ക്കു ശേഷം കാടുകാത്ത കാഞ്ചനയായി വേദിയിലെത്തിയ രുക്മ (പിആർഡബ്ല്യുഎച്ച്എസ്എസ്, കാട്ടാക്കട),

താടകയുടെ മൃദുമുഖം അവതരിപ്പിച്ച പവിത്ര സി. മേനോൻ (ഡോൺ ബോസ്കോ എച്ച്എസ്എസ് ഇരിങ്ങാലക്കുട) എന്നിവർ രണ്ടാം സ്ഥാനം പങ്കിട്ടു.

കുഞ്ഞിന്റെ കാതുകുത്തുന്നതിനായി കഷ്ടപ്പെട്ടു പണം സംഘടിപ്പിച്ചു വന്നപ്പോഴേക്കും അവളെ പുഴയെടുത്തതിന്റെ കണ്ണീർക്കഥ അവതരിപ്പിച്ച റൊവീന ജയിംസാണു (സേക്രഡ് ഹാർട്ട് എച്ച്എസ്എസ്, തേവര) മൂന്നാമത്. മൽസരിച്ച 37 പേർക്കും എ ഗ്രേഡ്.

അപ്പീലിലൂടെ 23 ഒന്നാം സ്ഥാനം

തിരുവനന്തപുരം ● ജില്ലകളിൽ സമ്മാനത്തിൽ പിറകിലായി, അപ്പീൽ വഴിയെത്തിയ 23 ഇനങ്ങളിൽ സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും.

ജില്ലയിൽ ഒന്നാം സ്ഥാനത്തെത്തിയവരടക്കം സംസ്ഥാനതലത്തിൽ അപ്പീലുകാർക്കു പിന്നിലായി. മാത്രമല്ല, സംസ്ഥാന തലത്തിൽ പുറന്തള്ളപ്പെട്ട 246 പേർ ഹയർ അപ്പീൽ നൽകി വിധി മാറിമറിയുമെന്ന പ്രതീക്ഷയിൽ കാത്തിരിക്കുകയും ചെയ്യുന്നു. അപ്പീൽ വഴിയെത്തിയവരുടെ നേട്ടം വിരൽ ചൂണ്ടുന്നതു ജില്ലാ വിധിനിർണയങ്ങളിലെ പോരായ്മയിലേക്കാണ്.

ഏറ്റവും കൂടുതൽ അപ്പീലുകളുമായെത്തിയ പാലക്കാട് അഞ്ച് സംഘ ഇനങ്ങളിൽ അപ്പീലിലൂടെ ഒന്നാമതെത്തി. നാല് അപ്പീൽ ടീമുകളെ വിജയിപ്പിച്ച കാസർകോടാണു രണ്ടാമത്. ഇന്നലെവരെ മൽസരിച്ച 597 അപ്പീൽ ടീമുകളിൽ 293 പേർ ഏതെങ്കിലും ഗ്രേഡുകൾക്ക് അർഹരായപ്പോൾ 304 പേർ ഗ്രേഡൊന്നുമില്ലാതെ പുറത്തായി. അതേ സമയം ആകെ ലഭിച്ച അപ്പീലുകൾ കഴിഞ്ഞ വർഷത്തേതിന്റെ പകുതിയേ വരൂ.



രേവതിക്കും ഗൗതമിനും ശിഹാബുദീനും നല്ല പാഠം സ്കോളർഷിപ്

തിരുവനന്തപുരം● കാഴ്ചയില്ലായ്മയെ കവിതകൊണ്ടു തോൽപ്പിച്ച ഗൗതം മഹാദേവിനും സാമ്പത്തിക പ്രതിസന്ധി നാട്ടുകാരുടെ പിന്തുണയോടെ മറികടന്നു കുച്ചിപ്പുഡിയിൽ എ ഗ്രേഡ് നേടിയ രേവതി രാജേഷിനും എൻഡോസൾഫാൻ ദുരിതത്തെ കഥയെഴുതി മറികടന്ന ശിഹാബുദ്ദീനും മലയാള മനോരമയുടെ നല്ലപാഠം സ്കോളർഷിപ്.

ശിഹാബുദീൻ രേവതി ഗൗതം

ആലപ്പുഴ ലിയോ 13 എച്ച്എസ്എസിലെ വിദ്യാർഥിയാണു ഗൗതം. നേരത്തെ സ്പെഷൽ സ്കൂളിൽ പഠിച്ച ഗൗതം ഇത്തവണയാണു സംസ്ഥാന സ്കൂൾ കലോൽസവത്തിൽ പങ്കെടുക്കാനെത്തിയത്. കളമശേരി ജിഎച്ച്എസ്എസിലെ വിദ്യാർഥിനിയായ രേവതി രാജേഷിനു സംസ്ഥാനതല മൽസരത്തിൽ പങ്കെടുക്കാൻ മന്ത്രി ഇബ്രാഹിംകുഞ്ഞും യുവജന സംഘടനാ പ്രവർത്തകരുമാണു സഹായം നൽകിയത്. കാസർകോട് കാട്ടുകുക്കെ എസ്എസ് എച്ച്എസ്എസ് വിദ്യാർഥിയാണ് ശിഹാബുദീൻ. എൻഡോസൾഫാന് ഇരയായി കാലുകൾക്കു വൈകല്യവുമായാണു ശിഹാബുദീൻ ജനിച്ചത്.

അടുത്ത ഒരു വർഷത്തേക്കു പ്രതിമാസം 1000 രൂപ കണക്കിൽ 12,000 രൂപയാണു സ്കോളർഷിപ്. 10 പേർക്കാണു സ്കോളർഷിപ് നൽകുക. മനോരമ ട്രിവാൻഡ്രം ഡെയ്സ് പത്രാധിപസമിതി തയാറാക്കിയ ചുരുക്കപ്പട്ടികയിൽ നിന്നു നടി മഞ്ജുവാരിയരും മാന്ത്രികൻ ഗോപിനാഥ് മുതുകാടും ചേർന്നാണു സ്കോളർഷിപ് ജേതാക്കളെ കണ്ടെത്തിയത്. കന്യാകുമാരി തക്കല നൂറുൽ ഇസ്‌ലാം സർവകലാശാലയുടെ സഹകരണത്തോടെയാണു സ്കോളർഷിപ്.

നല്ല പാഠം
മനോരമ നാടിനൊപ്പം

സ്വർണക്കപ്പ് ആർക്ക്? ഇന്നുകൂടി പ്രവചിക്കാം

ഏറ്റവും കൂടുതൽ പോയിന്റ് നേടി സ്വർണക്കപ്പ് സ്വന്തമാക്കുന്ന ജില്ല ഏതാവും? മനോരമ വായനക്കാർക്കു ഇന്നുകൂടി പ്രവചിക്കാം. തിരഞ്ഞെടുക്കപ്പെടുന്ന അഞ്ചു ഭാഗ്യശാലികൾക്കു സ്മാർട് ഫോൺ സമ്മാനം. നാളെ വൈകിട്ട് അഞ്ചു മണി വരെ എസ്എംഎസ് ആയി ഉത്തരങ്ങൾ അയയ്ക്കാം. NIMS എന്നു ടൈപ് ചെയ്തു സ്പെയ്സ് ഇട്ടശേഷം നിങ്ങൾ വിജയിക്കുമെന്നു കരുതുന്ന ജില്ലയോടൊപ്പം കൊടുത്തിരിക്കുന്ന കോഡ് കൂടി ഉൾപ്പെടുത്തി 56767123ലേക്ക് എസ്എംഎസ് അയയ്ക്കുക.

ഉദാഹരണത്തിന് പാലക്കാട് വിജയിക്കുമെന്നാണു നിങ്ങളുടെ പ്രവചനമെങ്കിൽ അയയ്ക്കേണ്ട വിധം: NIMS സ്പെയ്സ് I

ജില്ലകളുടെ കോഡ്
തിരുവനന്തപുരം A കൊല്ലം B പത്തനംതിട്ട C ആലപ്പുഴ D കോട്ടയം E ഇടുക്കി F എറണാകുളം G തൃശൂർ H പാലക്കാട് I മലപ്പുറം J കോഴിക്കോട് K വയനാട് L കണ്ണൂർ M കാസർകോട് N

(*നിരക്കുകൾ ബാധകം)

NOORUL ISLAM CENTRE FOR HIGHER EDUCATION
NICHE

എഴുത്ത്
മഹേഷ് ഗുപ്തൻ, ഗായത്രി ജയരാജ്, വി.ആർ. പ്രതാപ്, ജോ ജേക്കബ്, റൂബിൻ ജോസഫ്, എം.എ. അനൂജ്, മുസ്തഫ കൂടല്ലൂർ, സന്ദീപ് ചന്ദ്രൻ, സാബു ടി. ജോൺ

ചിത്രം
ബി. ജയചന്ദ്രൻ, അരുൺ ശ്രീധർ, ആർ.എസ്. ഗോപൻ, മനോജ് ചേമഞ്ചേരി, സജീഷ് ശങ്കർ, റിങ്കുരാജ് മട്ടാഞ്ചേരിയിൽ, അരവിന്ദ് ബാല